**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3363** | **14/10/2011 ൽ മറുപടിയ്ക്ക്**

## ഇ.എം.എസ് ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂരഹിത-ഭവന രഹിത ആളുകൾക്കായി നടപ്പാക്കിയ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം എത്രയാളുകൾക്കാണ് വീട് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിനായി തയ്യാറാക്കിയ ലിസ്റ്റിലെ എത്രയാളുകൾക്കാണ് ഓരോ പഞ്ചായത്തിലും ഇനിയും ഈ ആനുകൂല്യം നൽകാൻ കഴിയാത്തത് എന്ന് വ്യക്തമാക്കാമോ ; | (എ) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഇതു വരെ 85591 വീടുകൾ പൂർത്തീകരിച്ചു നൽകുകയും 134930 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയും ചെയ്യുന്നു. ഓരോ പഞ്ചായത്തിലും ആനുകൂല്യം നൽകാൻ ഉള്ളവരുടെ എണ്ണം ശേഖരിച്ചു വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരമാളുകൾക്ക് ഭൂമിയും വീടും നൽകുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ ഇത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതി നടപ്പിലാക്കുന്നത് എങ്ങനെ; വിശദമാക്കാമോ ? | (ബി) ഇ.എം.എസ് ഭവന പദ്ധതിയുടെ കാലാവധി 2012 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്കു പകരം പുതിയ ഭവന പദ്ധതികളൊന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ